"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് – തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി നിർവഹണം ത്വരിതപ്പെടുത്തുന്നതിനും വാതിൽപ്പടി സേവനം പോലെയുള്ള മുൻഗണനാ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനുമുള്ള മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2284/2021/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 16/11/2021

---

പരാമർശം:-

1. സ.ഉ.(കൈ)നം.4/2021/തസ്വഭവ; തീയതി 11.01.2021
2. സ.ഉ.(സാധാ)നം.3326/2021/ധന; തീയതി 05.04.2021
3. സ.ഉ.(സാധാ)നം.3367/2021/ധന; തീയതി 07.04.2021
4. സ.ഉ.(സാധാ)നം.925/2021/തസ്വഭവ; തീയതി 28.04.2021
5. സ.ഉ.(സാധാ)നം.1066/2021/തസ്വഭവ; തീയതി 31.05.2021
6. സ.ഉ.(സാധാ)നം.1220/2021/തസ്വഭവ; തീയതി 28.06.2021
7. സ.ഉ.(സാധാ)നം.5206/2021/ധന; തീയതി 30.07.2021
8. സ.ഉ.(സാധാ)നം.5450/2021/ധന; തീയതി 12.08.2021
9. സ.ഉ.(സാധാ)നം. 1607/2021/തസ്വഭവ; തീയതി 24.08.2021
10. സ.ഉ.(സാധാ)നം.1821/2021/തസ്വഭവ; തീയതി 22.09.2021
11. സ.ഉ.(സാധാ)നം. 6465/2021/ധന; തീയതി 01.10.2021

**<u>ഉത്തരവ്</u>**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി നിർവഹണം ത്വരിതപ്പെടുത്തുന്നതിന് ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. 2021-22 മുതൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന പതിനഞ്ചാം ധനകാര്യ കമ്മീഷൻ (എഫ്.എഫ്.സി) ഗ്രാന്റിന്റെ പേയ്മെന്റ് ഇ-ഗ്രാംസ്വരാജ് പോർട്ടൽ മുഖേനയാണ് നിർവഹിക്കുന്നത്. അനുവദിച്ചിട്ടുള്ള എഫ്.എഫ്.സി. വിഹിതത്തെക്കാൾ 2 0 ശതമാനം അധിക തുകയ്ക്കുള്ള പ്രോജക്ടുകൾ ഓരോ വിഭാഗത്തിലും (അടിസ്ഥാന വിഹിതം, ടൈഡ് വിഹിതം) ഉൾപ്പെടുത്തുന്നതിനുള്ള ക്രമീകരണം ഇപ്പോൾ ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ വരുത്തിയിട്ടുണ്ട്. അതുകാരണം, നിർവഹണം തുടങ്ങാൻ കഴിയാത്ത ഒരു പ്രോജക്ട് ഉപേക്ഷിച്ച് (abandon ചെയ്ത്) പകരം പുതിയ പ്രോജക്ട് ഉൾപ്പെടുത്തുന്ന സന്ദർഭത്തിൽ 20 ശതമാനം അധിക തുകയ്ക്കുള്ള പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തിയെങ്കിൽ മാത്രമേ ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ

കഴിയുന്നുള്ളൂ എന്നൊരു അവസ്ഥ നിലനിൽക്കുന്നുണ്ട്.

3. മേൽപ്പറഞ്ഞ സാഹചര്യത്തിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് എഫ്. എഫ്.സി. ഗ്രാന്റ് ഇനത്തിലെ ഓരോ വിഭാഗത്തിലും 2 0 ശതമാനം അധിക തുകയുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നു. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് മാത്രം ഇ-ഗ്രാംസ്വരാജ് പോർട്ടലിലും സുലേഖ സോഫ്റ്റ് വെയറിലും ഇപ്രകാരം 2 0 ശതമാനം വരെ അധിക തുകയുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്. പരാമർശം 4 പ്രകാരമുള്ള മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായ പ്രോജക്ടുകളാണ് ഓരോ വിഭാഗത്തിലും ഉൾപ്പെടുത്തുന്നതെന്ന് ഉറപ്പാക്കണം. ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ വരുത്തുന്നതിന് സമാനമായ ഭേദഗതികൾ സുലേഖ സോഫ്റ്റ് വെയറിലും വരുത്തേണ്ടതാണ്. ഇരുപത് ശതമാനം അധിക തുകയുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അവസരം നൽകുകയാണെങ്കിലും അധിക തുക സർക്കാർ അനുവദിക്കുന്നതല്ല. പ്രോജക്ടുകളുടെ ബിൽ പേയ്മെന്റ് ലഭ്യമായ തുകയുള്ളിൽ പരിമിതപ്പെടുത്തണം. അനുവദിച്ച തുകയ്ക്ക് ഉപരിയായുള്ള ബാധ്യത അടുത്ത വർഷത്തെ എഫ്.എഫ്.സി. ഗ്രാന്റിൽ നിന്ന് അനുവദിക്കണം.

4. നടപ്പ് വാർഷിക പദ്ധതിയിൽ (2021-22) പൊതുവെ മാറ്റങ്ങൾ ഇപ്പോൾ അനുവദനീയമല്ല. എങ്കിലും വളരെ ഒഴിവാക്കാനാവാത്തതും അടിയന്തിര പ്രാധാന്യമുള്ളതുമായ ചുവടെ പ്രതിപാദിക്കുന്ന മാറ്റങ്ങൾ മാത്രം ആകാവുന്നതാണ്.

(1) പരാമർശം 10 പ്രകാരമുള്ള വാതിൽപ്പടി സേവന പ്രോജക്ട്, ആദ്യഘട്ടത്തിൽ നടപ്പാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക.

(2) മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുന്നതിനുള്ള പ്രോജക്ട്, പ്രസ്തുത മോണിട്ടറിംഗ് സിസ്റ്റം ആദ്യ ഘട്ടത്തിൽ നടപ്പാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക.

(3) ടേക്ക്-എ-ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും പൊതു ശുചിമുറികളും നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾ പുതുതായി ഏറ്റെടുക്കുകയോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുകയോ ചെയ്യുക.

(4) കോവിഡ് പ്രതിരോധം, ദുരന്ത നിവാരണം എന്നിവയുമായി ബന്ധപ്പെട്ടുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുക, നിലവിലുള്ള പ്രോജക്ടിന്റെ വിഹിതം വർദ്ധിപ്പിക്കുക.

(5) ലൈഫ് മിഷൻ പ്രോജക്ടിന് കൂടുതൽ തുക ആവശ്യമാണെങ്കിൽ വിഹിതം വർദ്ധിപ്പിക്കുക

(6) ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ നൽകിയ വിഹിതം കൂട്ടിച്ചേർത്ത് ഗ്രാമപഞ്ചായത്തുകളുടെ ലൈഫ് മിഷൻ പ്രോജക്ടുകൾ പരിഷ്കരിക്കുക.

(7) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എസ്.സി.എസ്.പി/ടി.എസ്.പി യിലെ പൊതു

പ്രോജക്ടുകൾക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ലഭിക്കാതെ വന്നാൽ ഇത്തരം പ്രോജക്ടുകൾ ഒഴിവാക്കി പുതിയ പ്രോജക്ട് ഏറ്റെടുക്കുക. (ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ഫീസിബിൾ അല്ലായെന്ന് സാക്ഷ്യപ്പെടുത്തണം)

(8) ഏതെങ്കിലും കേന്ദ്ര-സംസ്ഥാന പദ്ധതിയ്ക്ക് വിഹിതം ലഭിച്ചിട്ടുണ്ടെങ്കിൽ തദ്ദേശ ഭരണ സ്ഥാപന വിഹിതം കൂടി വകയിരുത്തി പുതുതായി പ്രോജക്ട് ഏറ്റെടുക്കുക.

(9) വാർഷിക പദ്ധതിയിലെ ഏതെങ്കിലും പ്രോജക്ടിന് വെറ്റിംഗ് ഓഫീസർ അനുമതി നിരസിക്കുകയോ സാങ്കേതികാനുമതി ലഭിക്കാതിരിക്കുകയോ ചെയ്യുന്ന സാഹചര്യ ങ്ങളിൽ പകരം പ്രോജക്ടുകൾ ഏറ്റെടുക്കുകയോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുകയോ ചെയ്യുക.

(10) ജില്ലാ ആസൂത്രണസമിതി നിരസിച്ചതും മാർഗ്ഗരേഖ/സബ്സിഡി നിരക്ക് പാലിക്കാതെയുമുള്ള പ്രോജക്ടുകൾ ഒഴിവാക്കുക.

(11) വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും പ്രോജക്ടുകൾക്ക് MPLAD, MLASDF, കേന്ദ്രാവിഷ്കൃത പദ്ധതി തുടങ്ങിയതടക്കം മറ്റേതെങ്കിലും പദ്ധതിയിൽ ഭരണാനുമതിയും ഫണ്ടും ലഭിച്ചിട്ടുണ്ടെങ്കിൽ അവ ഒഴിവാക്കി ഇതിൽ നിന്നും ലഭിക്കുന്ന തുക ഉപയോഗിച്ച് മറ്റു പ്രോജക്ടുകൾ ഏറ്റെടുക്കുക

(12) ടെണ്ടർ നടപടി പൂർത്തിയായ പ്രോജക്ടുകളിൽ ടെണ്ടർ സേവിംഗ്സ് ഉണ്ടെങ്കിൽ അതുപയോഗിച്ച് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുക - ഇതനുസരിച്ച് ടെണ്ടർ സേവിംഗ്സ് ലഭ്യമായ പ്രോജക്ടുകളും ഭേദഗതി ചെയ്യാവുന്നതാണ്.

5. വാർഷിക പദ്ധതി ഭേദഗതിയുടെ ഭാഗമായി പുതുതായി ഏറ്റെടുക്കാൻ നിർബന്ധിതമാകുന്ന പ്രോജക്ടുകൾക്ക് വിഹിതം കണ്ടെത്തുന്നതിനും നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുന്നതിനും, ഖണ്ഡിക 4(9) മുതൽ 4(12) വരെ പ്രതിപാദിക്കുന്ന കാരണങ്ങളാൽ ലഭ്യമാകുന്ന വിഹിതം ഉപയോഗിക്കേണ്ടതാണ്. അതിന് കഴിയുന്നില്ലെങ്കിൽ മാത്രമേ മറ്റ് പ്രോജക്ടുകൾ ഭേദഗതി ചെയ്ത് വിഹിതം കണ്ടെത്താൻ പാടുള്ളൂ.

6. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ഭേദഗതികൾ ഒറ്റത്തവണയായി തന്നെ സമർപ്പിച്ച് അംഗീകാരം വാങ്ങണം. ഈ ഉത്തരവ് പ്രകാരമുള്ള അനിവാര്യമായ ഭേദഗതികൾക്ക് മാത്രമേ അംഗീകാരം നൽകുന്നുള്ളൂവെന്ന് ജില്ലാ ആസൂത്രണസമിതികൾ ഉറപ്പാക്കണം.

7. പരാമർശം 2, 3, 7, 8, 11 എന്നീ ഉത്തരവുകൾ പ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത (deduction at source) തുക വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനും ചെലവ് രേഖപ്പെടുത്തു ന്നതിനുമുള്ള ക്രമീകരണം (ജി.ഒ പ്രോജക്ട് ക്രമീകരണം) സുലേഖ/സാംഖ്യ സോഫ്റ്റ് വെയറുകളിൽ ഏർപ്പെടുത്തുന്നതാണ്. ലഭ്യമായ തുകയ്ക്കുള്ളിൽ (വാലിഡേഷനുള്ളിൽ) നിന്നും തുക കണ്ടെത്തി പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിന് ശ്രമിക്കണം. അതിന് കഴിയുന്നില്ലെങ്കിൽ മാത്രം വാലിഡേഷന്

പുറത്ത് പ്രോജക്ടുകൾ ഉൾപ്പെടുത്തി ചെലവ് രേഖപ്പെടുത്താവുന്നതാണ്. ഓരോ ഗഡു തുകയിൽ നിന്നും വിവിധ ആവശ്യങ്ങൾക്ക് കുറവ് ചെയ്തിട്ടുള്ള തുക പ്രത്യേക പ്രോജക്ടുകളായി ഉൾപ്പെടുത്തണം. ഇപ്രകാരം ഉൾപ്പെടുത്തുന്ന ഒരു പ്രോജക്ടിന്റെ വിഹിതം ഒന്നുകിൽ പൂർണ്ണമായി വാലിഡേഷനുള്ളിൽ കൊണ്ടുവരണം; അതല്ലെങ്കിൽ വാലിഡേഷന് പുറത്ത് നിർത്തണം. ഭാഗികമായി വാലിഡേഷനുള്ളിൽ കൊണ്ടുവരാൻ കഴിയുന്നതല്ല. (ഉദാ: ആദ്യ ഗഡു തുകയിൽ നിന്ന് ലൈഫ് ഭവന പദ്ധതി വായ്പാ തിരിച്ചടവിന് പൊതു വിഭാഗം സാധാരണ വിഹിതത്തിൽ നിന്നും 5.00 ലക്ഷം രൂപ കുറവ് ചെയ്തിട്ടുണ്ടെങ്കിൽ അത് ഒറ്റ പ്രോജക്ടായി ഉൾപ്പെടുത്തുകയും ഒന്നുകിൽ വാലിഡേഷന് ഉള്ളിലോ അല്ലെങ്കിൽ വാലിഡേഷന് പുറത്തോ ഉൾപ്പെടുത്തണം). സ്രോതസ്സിൽ കുറവ് ചെയ്ത ആവശ്യങ്ങൾക്ക് വിഹിതം നൽകുന്നതിനുള്ള പ്രോജക്ട് നേരത്തെ തന്നെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ പ്രോജക്ട് ഭേദഗതി ചെയ്ത് വിഹിതം കണ്ടെത്തേണ്ടതും പുതിയ പ്രോജക്ട് (ജി.ഒ. പ്രോജക്ട്) ഉൾപ്പെടുത്തി ചെലവ് തുക രേഖപ്പെടുത്തേണ്ടതുമാണ്.

8. ഖണ്ഡിക 7 പ്രകാരമുള്ള നടപടികൾ ബന്ധപ്പെട്ട എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നിശ്ചിത തീയതിക്കകം പൂർത്തിയാക്കുന്നുണ്ടെന്ന് ജില്ലാ ആസൂത്രണസമിതികൾ ഉറപ്പാക്കണം. ജില്ലാ ആസൂത്രണ സമിതിക്കുവേണ്ടി ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ പ്രതിനിധി, ഡെപ്യൂട്ടി ഡയറക്ടർ (ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്) എന്നിവർ അടങ്ങിയ ഒരു കമ്മിറ്റി ഇത് പരിശോധിച്ച് ഉറപ്പ് വരുത്തണം. സ്രോതസ്സിൽ കുറവ് ചെയ്ത തുകയ്ക്കുള്ള പ്രോജക്ട് ബന്ധപ്പെട്ട എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവ് രേഖപ്പെടുത്തിയിട്ടുണ്ടെന്നുള്ള ജില്ലാ ആസൂത്രണസമിതി മെമ്പർ സെക്രട്ടറിയുടേതായ റിപ്പോർട്ട്, വാർഷിക പദ്ധതി ഭേദഗതി നടപടികൾ പൂർത്തിയാക്കുന്നതിന് ഈ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള അവസാന തീയതി കഴിഞ്ഞ് അഞ്ച് ദിവസത്തിനകം തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ലഭ്യമാക്കേണ്ടതാണ്.

9. ചില തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ എഫ്എഫ്.സി. ഗ്രാന്റിലെ അടിസ്ഥാന വിഹിതം, ടൈഡ് ഫണ്ട് എന്നിവ ഇ-ഗ്രാംസ്വരാജ് പോർട്ടിലിലും സുലേഖയിലും വ്യത്യസ്തമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ ആകെ വിഹിതത്തെ വിഭജിച്ച് 100 രൂപയ്ക്ക് റൗണ്ട് ചെയ്ത് രേഖപ്പെടുത്തുന്നതുകൊണ്ടാണ് ഈ വ്യത്യാസം ഉണ്ടായിട്ടുള്ളത്. ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുള്ള വിഹിതത്തിന് അനുസൃതമായി സുലേഖ സോഫ്റ്റ് വെയറിൽ വിഹിതം മാറ്റി നൽകുന്നതാണ്. വാർഷിക പദ്ധതി ഭേദഗതിക്കൊപ്പം വിഹിതത്തിലെ മാറ്റത്തിന് അനുസൃതമായുള്ള ഭേദഗതി കൂടി സുലേഖ സോഫ്റ്റ് വെയറിൽ വരുത്തേണ്ടതാണ്.

10. തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ ഉത്തരവ് പ്രകാരമുള്ള വാർഷിക പദ്ധതി ഭേദഗതി സംബന്ധമായ നടപടിക്രമങ്ങൾ എല്ലാം പൂർത്തിയാക്കി നവംബർ 30-നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാകളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും
15. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
16. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
17. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
18. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sureshkumar K
Date: 16-11-2021 15:42:58
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്